മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ എണ്ണം

117 (1172) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ വാഹനങ്ങളുടെ എണ്ണത്തിനാനുപാതികമായി ജീവനക്കാരില്ലാത്തതിനാലാണ് നിയമങ്ങൾ കർശനമായി പാലിക്കാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും കഴിയാത്തത് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഫലപ്രദമായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

1. 1996-ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് നടത്തിയ വർക്ക്സ്റ്റഡി റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിൽ എൽ.ഡി.ക്ലാർക്ക് എ.എം.വി.ഐ., എം.വി.ഐ. എന്നീ തസ്തികകളിൽ 19 വീതം പോസ്റ്റുകൾ ഈയിടെ (ആകെ 57) സൃഷ്ടിച്ചു.

2. മോട്ടോർ വാഹന വകുപ്പിനെ കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജോലിഭാരം കുറയ്ക്കുന്നതിനും കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള പരിഷ്ക്കാരങ്ങൾ വകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

3. മോട്ടോർ വാഹന വകുപ്പിൽ ഒരു സമഗ്രപഠനം നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിനോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

ബസ്-ക്രൂ-ഗാരേജ് സിസ്റ്റം

118 (1173) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്-ക്രൂ-ഗാരേജ് സിസ്റ്റം അനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ക്രൂ ഇപ്പോഴുണ്ടോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക് എന്നീ വിഭാഗങ്ങളിലെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി എന്തൊക്കെ അടിയന്തിര നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly